

ॐ



# കേരള സാന്ദീപനി

**ചിന്മയ സേവാ ട്രസ്റ്റ് കേരളയുടെ ആഭിമുഖ്യത്തിൽ**

# വേദാന്ത ശിക്ഷണ ശിബിരം

(2 വർഷത്തെ മലയാള ഗുരുകുല വേദാന്ത പ്രശിക്ഷണം)

**2018 ഒക്ടോബർ 2 മുതൽ**

**ആദിശങ്കരനിലയം (CIF)**
വെളിയനാട്

മുഖ്യ ആചാര്യൻ
**സ്വാമി വിവിക്താനന്ദ സരസ്വതി**
(ചിന്മയ മിഷൻ, കേരളഘടകം അദ്ധ്യക്ഷൻ)

ആചാര്യൻ
**സ്വാമി ശാരദാനന്ദ സരസ്വതി**
(ചിൻമയ ഇന്റർനാഷണൽ ഫൗണ്ടേഷൻ)

**20 മുതൽ 30 വയസ്സു വരെ പ്രായമുള്ള അഭ്യസ്തവിദ്യരും അവിവാഹിതരുമായ യുവജനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

ചിന്മയ സേവാ ട്രസ്റ്റ് കേരള,
നീരാഞ്ജലി, റൗണ്ട് നോർത്ത്, തൃശ്ശൂർ - 20
☎ 9746824142, 0487-2331466
✉ keralasandeepany@gmail.com

ॐ

ചിന്മയമിഷൻ കേരള റീജ്യൺന്റെ (ചിന്മയസേവാ ട്രസ്റ്റ് കേരള) ആഭിമുഖ്യത്തിൽ ഗുരുകുല-സമ്പ്രദായത്തിലുള്ള വേദാന്ത-ശാസ്ത്രപഠനത്തിന് വീണ്ടും അവസരം ഒരുങ്ങുന്നു. വേദാന്ത പഠനത്തിനുള്ള കേരള സാന്ദീപനിയുടെ മൂന്നാം ബാച്ച് 2018 ഒക്ടോബർ 2ന് പിറവത്തുള്ള ആദിശങ്കരനിലയത്തിൽ (CIF) ആരംഭിക്കുകയാണ്. സനാതന സംസ്കാരം എല്ലാവരിലേക്കും എത്തിക്കുവാൻ പൂജ്യ ഗുരുദേവൻ സ്വാമി ചിന്മയാനന്ദജി വിഭാവനം ചെയ്ത സാന്ദീപനി സാധനാലയം അരനൂറ്റാണ്ടിലേറെയായി മുംബൈയിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മലയാളത്തിൽ രണ്ടു വേദാന്തഗുരുകുല പ്രശിക്ഷണം നടന്നു കഴിഞ്ഞു. തൽപരരായ ഏതൊരാളിലേയ്ക്കും ഉപനിഷത്തുകൾ, ഭഗവദ്ഗീത, ബ്രഹ്മസൂത്രം, പ്രകരണഗ്രന്ഥങ്ങൾ, ഇതിഹാസ-പുരാണാദികൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവ എത്തിക്കുവാൻ പ്രാപ്തരായ ആചാര്യൻമാരെ വാർത്തെടുക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി യഥോചിതമായ ശിക്ഷണവും പരിശീലനവും നല്കി പഠനാനന്തരം, പ്രാപ്തിയും താല്പര്യവുമുള്ളവരെ പൂർണ്ണസമയ ചിന്മയ മിഷൻ ആചാര്യൻമാരായി മാറ്റുക എന്ന ഗുരുദേവ സങ്കൽപ്പം പ്രാവർത്തികമാക്കുന്നത് സാന്ദീപനികളിലൂടെയാണ്. കേരള ചിന്മയമിഷൻ മേധാവി സ്വാമി വിവിക്താനന്ദജി മുഖ്യ ആചാര്യനും സ്വാമി ശാരദാനന്ദ സരസ്വതി റെസിഡന്റ് ആചാര്യനും ആയിരിക്കും. ചിന്മയ മിഷനിലെ മുതിർന്ന സന്യാസിമാരായ സ്വാമി അശേഷാനന്ദ സരസ്വതി, സ്വാമി ഗഭീരാനന്ദ സരസ്വതി തുടങ്ങിയ ആചാര്യൻമാരുടെ വിദഗ്ധ ശിക്ഷണവും ഉണ്ടായിരിക്കും. മുപ്പത് വയസ്സിൽ താഴെ പ്രായമുള്ള അഭ്യസ്തവിദ്യരും അവിവാഹിതരുമായ യുവജനങ്ങൾക്ക് തീർത്തും സൗജന്യമാണ് ഈ ഗുരുകുല കോഴ്സ്. ഇതിലേയ്ക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

എന്ന്
ചിന്മയ സേവയിൽ

സുരേഷ് മോഹൻ
ചീഫ് സേവക്, **C.S. T. K**